"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഐ.എച്ച്.ആർ.ഡിയ്ക്ക് കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ പ്രവർത്തനത്തിനായി വാടകയ്ക്ക് നൽകിയിട്ടുള്ള മുറികളുടെ വാടക കുടിശ്ശികയിലെ പിഴപ്പലിശ ഒഴിവാക്കി തവണകളായി വാടകകുടിശ്ശിക അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

G.O.(Rt)No.968/2020/LSGD തീയതി,തിരുവനന്തപുരം, 25/05/2020

---

പരാമർശം:- 1 ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 07.11.2017-ലെ സി.എൻ/11709/2015/എച്ച്.ആർ.ഡി നമ്പർ കത്ത്.

2 25.05.19-ലെ ജിസിഡിഎ നിർവ്വാഹക സമിതി യോഗത്തിലെ 22/2019-20 നമ്പർ തീരുമാനം.

3 ജി.സി.ഡി.എ. സെക്രട്ടറിയുടെ 25.06.2019-ലെ സി17/6092/ബി.3101-3104/ജി.സി.ഡി.എ. നമ്പർ കത്ത്.

**ഉത്തരവ്**

കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ബി-3101 - 3104 വരെ നമ്പർ മുറികൾ വിശാല കൊച്ചി വികസന അതോറിറ്റി ഐ.എച്ച്.ആർ.ഡിയ്ക്ക് മോഡൽ ഫിനിഷിംഗ് സ്കൂൾ പ്രവർത്തനത്തിനായി അനുവദിച്ച് നൽകിയിരുന്നു. 01.03.2010 മുതൽ 28050/- രൂപ പ്രതിമാസ വാടക നിരക്കിൽ 5% വാർഷികവർദ്ധനവോടെ 10 വർഷത്തേക്ക് അനുവദിച്ചിരുന്ന ടി മുറികളുടെ വാടകയിൽ കുടിശ്ശിക വരുത്തിയതിനെ തുടർന്ന് പിഴപലിശ ഒഴിവാക്കി വാടകകുടിശ്ശിക തവണകളായി അടക്കുന്നതിനു അനുവദിക്കണമെന്ന് ഐ.എച്ച്.ആർ.ഡി ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) ജി.സി.ഡി.എ ലഭ്യമാക്കിയ 31/8/2019-ലെ കണക്ക് പ്രകാരം പിഴപ്പലിശ, ജി.എസ്.റ്റി എന്നിവ ഉൾപ്പെടെ വാടകക്കുടിശ്ശിക ₹ 32,17,958/- രൂപയാണ്. (ഇതിൽ പിഴപ്പലിശ-₹ 4,72,574/-രൂപ, ജി.എസ്.റ്റി - ₹ 4,91,454/- രൂപ). സർക്കാർ അംഗീകരിക്കുന്ന പക്ഷം ഐ.എച്ച്.ആർ.ഡിയ്ക്ക് വാടകയ്ക്ക് അനുവദിച്ചിട്ടുള്ള ബി-3101-3104 നമ്പർ മുറികളുടെ വാടകക്കുടിശ്ശികയിൽ പിഴപ്പലിശ ഒഴിവാക്കി തവണവ്യവസ്ഥയിൽ വാടകക്കുടിശ്ശിക തീർപ്പാകുന്നതിനു സമ്മതമാണെന്ന് പരാമർശം (2) പ്രകാരം അതോറിറ്റിയുടെ നിർവ്വാഹക സമിതി തീരുമാനിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം ജിസിഡിഎ സെക്രട്ടറി അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.എച്ച്.ആർ.ഡി സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ

## File No.LSGD-IA3/18/2018-LSGD

ഐ.എച്ച്.ആർ.ഡിയ്ക്ക് കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ പ്രവർത്തനത്തിനായി വാടകയ്ക്ക് നൽകിയിട്ടുള്ള ബി 3101-3104 നമ്പർ മുറികളുടെ വാടക കുടിശ്ശികയിലെ പിഴപ്പലിശ ഒഴിവാക്കി തവണകളായി വാടകകുടിശ്ശിക അടവാക്കുന്നത് സംബന്ധിച്ച പരാമർശം (3)-ലെ ജി.സി.ഡി.എ നിർവ്വാഹക സമിതിയുടെ തീരുമാനം നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ ഇ &ആർ.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ